# കേരള സർവകലാശാല

നം.പി.ആർ.51/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ (വോക്കൽ) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 26 മുതൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 ഏപ്രിലിൽ നടത്തുന്ന ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) എട്ടാം സെമസ്റ്റർ (റെഗുലർ ആന്റ് സപ്ലിമെന്ററി) രണ്ട്, നാല്, ആറ് സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 മാർച്ചിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾടൈം/പാർട്ട് ടൈം) മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) (2008 സ്കീം - അഡീഷണൽ/മേഴ്സി ചാൻസ്) പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം പരീക്ഷാ കേന്ദ്രമായി അനുവദിച്ചിരിക്കുന്നു.

2019 ഏപ്രിൽ മാസത്തിൽ നടത്തുന്ന മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (എം.പി.ഇ) പ്രീവിയസ് ആന്റ് ഫൈനൽ (റഗുലർ ആന്റ് സപ്ലിമെന്ററി) - പാർട്ട് എ - തിയറി, പാർട്ട് ബി - പ്രാക്ടിക്കൽ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 മാർച്ച് 20 മുതൽ ആരംഭിക്കുന്ന കമ്പൈൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി) - 2013 സ്കീം പരീക്ഷയുടേയും 2019 മാർച്ച് 21 മുതൽ ആരംഭിക്കുന്ന കമ്പൈൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി) - 2008 സ്കീം പരീക്ഷയുടേയും ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ നടന്ന ഏഴാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം – ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 മാർച്ച് 29 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) സപ്ലിമെന്ററി/മേഴ്സി ചാൻസ് ഡിഗ്രി പരീക്ഷയ്ക്ക് പിഴ കൂടാതെ മാർച്ച് 16 വരെയും 50 രൂപ പിഴയോടെ മാർച്ച് 19 വരെയും 125 രൂപ പിഴയോടെ മാർച്ച് 21 വരെയും അപേക്ഷിക്കാം.

## പിഎച്.ഡി നൽകി

അർച്ചന പി.വി, ശ്രീജ ആർ നായർ, ധന്യ ജയശീലൻ (ബയോടെക്നോളജി), ആതിര പി (സോഷ്യോളജി), ശ്രീജ ജെ.എസ് (മലയാളം), സുമേഷ് ജി.എസ് (കൊമേഴ്സ്), ഹരീഷ് പി.എം (സംസ്കൃതം), ബൈജു ആർ.എം (ഡെന്റിസ്ട്രി), റിനു എലിസബത്ത് റോയി (കെമിസ്ട്രി), ജീജാ ജയകൃഷ്ണൻ (ബോട്ടണി), സുമേഷ് ഗോപിനാഥ്, ജയലക്ഷ്മി ജി.എൽ, മഹേഷ് എസ്.കെ, നാൻസി ജോൺ, മാലു സോമരാജ് (ഫിസിക്സ്), രേഷ്മലക്ഷ്മി സി (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), മിനി ജോർജ്ജ് (നഴ്സിംഗ്), മീനു മോഹൻ, ജിഷ്ണു ജെ.ആർ (ലോ), അരണ്യ കെ ശശി , രജിത റ്റി (ഹിസ്റ്ററി), പ്രീത റ്റി.എൽ (എഡ്യൂക്കേഷൻ) എന്നിവർക്ക് പിഎച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## തീയതി നീട്ടി

സെന്റർ ഫോർ ട്രാൻസ്ലേഷൻ ആന്റ് ട്രാൻസ്ലേഷൻ സ്റ്റഡീസ് നടത്തുന്ന ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസിലേയ്ക്ക് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2019 ഏപ്രിൽ 12 വരെ നീട്ടിയിരിക്കുന്നു. യോഗ്യത: 50% മാർക്കോടെയുള്ള അംഗീകൃത സർവകലാശാല ബിരുദം. അതോടൊപ്പം അപേക്ഷകർ ബിരുദ തലത്തിൽ ഹിന്ദി രണ്ടാംഭാഷയായി പഠിച്ചിട്ടുള്ളവരോ, അതല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനം നടത്തുന്ന ഹിന്ദി പരീക്ഷ പാസ്സായിട്ടുള്ളവരോ ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9207639544, 9349439544

## ജി.കാർത്തികേയൻ മെമ്മോറിയൽ അവാർഡുകൾ

2015 – 2016, 2016 – 17, 2017 – 18 എന്നീ അക്കാദമിക് വർഷങ്ങളിലെ ഏറ്റവും നല്ല കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്കുള്ള ജി.കാർത്തികേയൻ മെമ്മോറിയൽ അവാർഡുകൾ പ്രഖ്യാപിച്ചു. 2015 – 16 ൽ ഗവ.എഞ്ചിനീയറിംഗ് കോളേജ് യൂണിയൻ, ബാർട്ടൺ ഹിൽ, തിരുവനന്തപുരത്തിനും, 2016 – 17 ൽ ശ്രീ നാരായണ കോളേജ് യൂണിയൻ, ചാത്തന്നൂരിനും, 2017 – 18 ൽ കേരള യൂണിവേഴ്സിറ്റി റിസർച്ച് സ്റ്റുഡൻസ് യൂണിയൻ, കാര്യവട്ടത്തിനുമാണ് അവാർഡുകൾ ലഭിച്ചിരിക്കുന്നത്. 25,000/- രൂപയാണ് അവാർഡ് തുക. അവാർഡ് നൽകുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

## വേനൽക്കാല കായിക പരിശീലന ക്യാമ്പ്

സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന വേനൽക്കാല കായിക പരിശീലന ക്യാമ്പ് ഏപ്രിൽ 1 മുതൽ 30 വരെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടത്തും. അത്‌ലറ്റിക്സ്, ഫുട്ബോൾ, ഹാൻഡ്ബോൾ, സോഫ്ട്ബോൾ എന്നീ ഇനങ്ങളിലായിരിക്കും പരിശീലനം നൽകുക. 10 മുതൽ 18 വരെ പ്രായമുള്ള കുട്ടികൾക്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കാം. രാവിലെ 6.30 മുതൽ 8.30 വരെയാണ് പരിശീലന സമയം. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ലഘു ഭക്ഷണം, സർട്ടിഫിക്കറ്റ് ടീ ഷർട്ട് എന്നിവ നൽകുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 1000 രൂപ. അപേക്ഷാ ഫോം ജി.വി രാജ പവിലിയനിൽ പ്രവർത്തിക്കുന്ന സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 0471 2306485, https://pe.keralauniversity.ac.in

തിരുവനന്തപുരം.

11-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ